പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 263 04.02.2013-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## മാധ്യമപ്രവർത്തകരെ മർദ്ദിച്ച അദ്ധ്യാപകർക്കെതിരെ കേസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. രാജേഷ് | | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലാ സ്കൂൾ കലോത്സവത്തിൽ വിളമ്പിയ ഭക്ഷണത്തിൽക്കണ്ടെത്തിയ പുഴുവിന്റെ ഫോട്ടോ എടുത്ത മാധ്യമപ്രവർത്തകരെ അദ്ധ്യാപകർ മർദ്ദിച്ച സംഭവത്തിൽ പ്രസ്തുത അദ്ധ്യാപകർക്കെതിരെ കേസെടുത്തിട്ടുണ്ടോ; | (എ) | കണ്ടാലറിയുന്ന പത്തോളം അദ്ധ്യാപകർക്കെതിരെ മ്യൂസിയം പോലീസ് ക്രൈം 09/2013 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഈ അദ്ധ്യാപകർ ഏത് അദ്ധ്യാപക സംഘടന പ്രവർത്തകരാണെന്നും ഏതൊക്കെ അദ്ധ്യാപകർ ക്കെതിരെയാണ് കേസെടുത്തതെന്നും ഏതെല്ലാം വകുപ്പുകൾ പ്രകാരം ആണ് കേസെടുത്തതെന്നും വ്യക്തമാക്കുമോ; | (ബി) | നാളിതുവരെയുള്ള അന്വേഷണത്തിൽ നിന്നും ഇവർ ഏത് സംഘടനയിൽപ്പെട്ടവരാണെന്ന് വെളിവായിട്ടില്ല. |
| (സി) | ഈ സംഭവത്തിൽ മാധ്യമപ്രവർത്തകർക്കെതിരെ കേസെടുത്തിട്ടുണ്ടോ; എങ്കിൽ എത്രപേർക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്നും എത്ര മാധ്യമ പ്രവർത്തകർക്ക് പരിക്കേറ്റിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (സി) & (ഡി) | ഉണ്ട്. ക്രൈം നം 10/2013 പ്രകാരം കണ്ടാലറിയാവുന്ന കുറച്ച് മാധ്യമ പ്രവർത്തർക്ക് എതിരെ കേസെടുത്തിട്ടുണ്ട്. സംഭവത്തിൽ ഒരു മാധ്യമപ്രവർത്തകന് പരിക്കേറ്റിട്ടുണ്ട്. |
| (ഡി) | ഈ സംഭവത്തിൽ ഗുരുതര പരിക്കേറ്റ മാധ്യമപ്രവർത്തകർക്കെതിരെ കേസെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | | |
| (ഇ) | ഈ സംഭവത്തിൽ അദ്ധ്യാപകർ വരുത്തിയ നാശനഷ്ടം സർക്കാർ പരിഹരിക്കാമെന്ന് ഏറ്റിട്ടുണ്ടോ എന്നും ഏതൊക്കെ ഇനത്തിൽ എത്ര നഷ്ടമാണ് കണക്കാക്കിയിരിക്കുന്നതെന്നും വ്യക്തമാക്കുമോ ? | (ഇ) | മാധ്യമ പ്രവർത്തകന്റെ ക്യാമറ നശിപ്പിച്ചതിൽ ഏകദേശം രണ്ടുലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായതായി പ്രസ്തുത കേസിന്റെ എഫ്.ഐ.ആർ പ്രകാരം മനസ്സിലാകുന്നു. അദ്ധ്യാപകർ വരുത്തിയ മേൽ നാശനഷ്ടം, സർക്കാർ പരിഹരിക്കാമെന്ന് ഉറപ്പ് നൽകിയതായി അറിവില്ല. |

സെക്ഷൻ ഓഫീസർ